റെയിൽവേ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പും റെയിൽവേയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ

54 (3613) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പും റെയിൽവേയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഓവർ ബ്രിഡ്ജുകൾ പണിയുന്നതിനുവേണ്ടി അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്രയെണ്ണം പൂർത്തിയായിയെന്ന് വ്യക്തമാക്കാമോ ;

(സി) റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണച്ചുമതല സംസ്ഥാന ബ്രിഡ്ജസ് കോർപ്പറേഷനെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിന് നബാർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനകം എത്ര സംഖ്യ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കുള്ള മൂളംകുന്നത്തുകാവ് ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) തൃശ്ശൂർ ടൗണിൽ പുങ്കുന്നത്ത് പുതിയ റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിന് നിർദ്ദേശം ഉണ്ടോ ; ഇതിനെതിരെ ജനവികാരം ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ജി) കൂർക്കഞ്ചേരിയിൽ (തൃശ്ശൂർ കോർപ്പറേഷൻ പ്രദേശം) പുതിയൊരു റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിന് നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; ഇതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് റെയിൽവേയുമായി ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് 20 മേൽപ്പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണ ജോലികളും റെയിലിന്റെ മേൽഭാഗത്തിന്റെ നിർമ്മാണ ജോലികളും R.B.D.C.K. തന്നെ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 18 മേൽപ്പാലങ്ങൾ, ഇവയുൾപ്പെടെ R.B.D.C.K. ഏറ്റെടുത്തിട്ടുള്ള 40 മേൽപ്പാലങ്ങളിൽ 23 എണ്ണത്തിന്റെ പണികൾ പുരോഗമിച്ചു വരുന്നു. R.B.D.C.K. നിർമ്മാണച്ചുമതല നിർവ്വഹിച്ച ഇരുമ്പനം മേൽപ്പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(സി) 1999-2000 മുതൽ 2002-2003 വരെയുള്ള വർഷങ്ങളിലെ റെയിൽവേ വർക്ക് പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 55 മേൽപ്പാലങ്ങളിൽ 40 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണച്ചുമതല R.B.D.C.K.-യെ ഏല്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പാലത്തിന്റെ നിർമ്മാണച്ചുമതല R.B.D.C.K.-യെ ഏല്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(എഫ്&ജി) റെയിൽവേയുടെ മാനദണ്ഡമനുസരിച്ച് കോസ്റ്റ് ഷെയറിംഗ് വ്യവസ്ഥയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഗതാഗത സാന്ദ്രത ഈ ലെവൽ ക്രോസിങ്ങുകളിൽ ഇപ്പോളില്ല.

ഗാൻട്രി സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കരാർ

55 (3614) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പു സംസ്ഥാനത്തെ നാഷണൽ ഹൈവേകളിലും മറ്റു പ്രധാന റോഡുകളിലും ഗാൻട്രി സൈൻബോർഡുകൾ വയ്ക്കാൻ ഇപ്പോൾ ആർക്കാണ് കരാർ നൽകിയിട്ടുള്ളത് ; ഇത് എത്ര വർഷത്തേക്ക് എത്ര എണ്ണം നൽകിയിട്ടുള്ളതാണെന്നും എത്രയാണ് കരാർ തുക എന്നുമുള്ള വിശദാംശം കൂടി നൽകുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനു നിലവിലുള്ള പ്രതിവർഷ വാടക നിരക്ക് എത്രയാണ് ; ഇതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഗാൻട്രി സൈൻബോർഡുകൾ കരാർ നൽകുക വഴി ഇപ്പോൾ പ്രതിവർഷം എന്തു തുകയുടെ നഷ്ടമുണ്ടാകുന്നുവെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാരിനു സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുള്ള പ്രസ്തുത കരാർ റദ്ദു ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനു നിലവിലുള്ള പ്രതിവർഷ വാടക നിരക്ക് ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പ്രദേശത്ത് സ്ക്വയർ മീറ്ററിന് 600 രൂപ.
2. മുൻസിപ്പൽ പ്രദേശത്ത് സ്ക്വയർ മീറ്ററിന് 900 രൂപ.
3. കോർപ്പറേഷൻ പ്രദേശത്ത് സ്ക്വയർ മീറ്ററിന് 1440 രൂപ.

ദേശീയപാതയ്ക്കു സമീപം ബോർഡുകൾ സ്ഥാപിക്കുന്നതിന് വാടക ഈടാക്കുവാൻ വ്യവസ്ഥയില്ല.

(ഡി) പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച പരാതി പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly